ഡബിൾ ടോൺഡ് മിൽക്ക് (1.5/9.0)	ലിറ്ററിന് 22 രൂപ
ടോൺഡ് മിൽക്ക് (3.0/8.5)	ലിറ്ററിന് 23 രൂപ
ഹോമോജനൈസ്ഡ് ടോൺഡ് മിൽക്ക് (3.0/8.5)	ലിറ്ററിന് 25 രൂപ
ജഴ്സി മിൽക്ക് (3.5/8.5)	ലിറ്ററിന് 25 രൂപ
ഹോമോജനൈസ്ഡ് ജഴ്സി മിൽക്ക് (3.2/8.5)	ലിറ്ററിന് 25 രൂപ
റിച്ച് പ്ലസ് (3.8/9.0)	ലിറ്ററിന് 26 രൂപ
സ്റ്റാൻഡേർഡൈസ്ഡ് മിൽക്ക് (4.5/8.5)	ലിറ്ററിന് 26 രൂപ

(ബി) മൂന്നതവണ പാലിന്റെ വില്പന വില വർദ്ധിപ്പിച്ചു. 5-9-2011-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും, 14-10-2012-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും 21-7-2014-ൽ പാലിന്റെ വില ലിറ്ററിന് 3 രൂപയും വീതവുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്.

പാൽ സംഭരണം കൂട്ടാൻ സർക്കാർ സ്വീകരിച്ച നടപടികൾ

54 (1525) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷീരസംഘങ്ങൾ പാൽ സംഭരണം കൂട്ടുന്നതിനു, സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിലൂടെ എത്രമാത്രം പാലിന്റെ വർദ്ധനവാണ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ;

(സി) പാൽ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും പാൽ സംഭരണം കൂട്ടാനും സംഘങ്ങൾക്ക് സാമ്പത്തികമായ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്ന് പറയാമോ;

(ഡി) എങ്കിൽ ഈ ആനുകൂല്യങ്ങൾ ലഭിച്ച ചേർത്തലയിലെ പാൽ സംഘങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ; ഈ സംഘങ്ങൾക്ക് നൽകിയ തുകയും ഇത് ഏതെല്ലാം ഇനങ്ങളിലുള്ളതാണെന്നും വ്യക്തമാക്കാമോ; ഇതിലൂടെ ചേർത്തലയിലെ പാൽ സംഘങ്ങളിൽ പാൽ അളക്കുന്ന എത്ര ക്ഷീര കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാൽ സംഭരണവും വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ആധുനികവൽക്കരണം നടത്തുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനും ക്ഷീര കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും വേണ്ടി ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനും ഫുഡ് സേഫ്റ്റി ആക്ട് അനുസരിച്ച് ക്ഷീരസംഘങ്ങൾക്ക് ഫുഡ് സേഫ്റ്റി ലൈസൻസ് എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

മിൽമ മേഖലാ യൂണിയനുകൾ വഴി ക്ഷീരസംഘങ്ങളിൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന പദ്ധതികൾ വഴിയും, വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട്. സമീകൃത കാലിത്തീറ്റ, പച്ചപ്പുൽ, വയ്ക്കോൽ, ബദൽ കാലിത്തീറ്റ വിതരണം തുടങ്ങിയവയിലൂടെയും ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാമുപകരണങ്ങൾ നൽകുക, കിടാരി പരിശീലന പരിപാടി നടപ്പിലാക്കുക, പശുക്കൾ വാങ്ങുന്നതിന് ബാങ്ക് വായ്പ നൽകുക തുടങ്ങിയ പദ്ധതികളിലൂടെയും ക്ഷീരകർഷകർക്ക് ഉല്പാദനോപാധികൾ നൽകുക, ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തുക, കാലിത്തീറ്റ സബ്സിഡിയും പ്രൊഡക്ഷൻ ഇൻസെന്റീവും നൽകുക, അന്യസംസ്ഥാനങ്ങളിൽ നിന്നും കാലികളെ കൊണ്ടുവരുന്നതിന് കടത്തുകൂലി നൽകുക മുതലായ പദ്ധതികൾ നടപ്പിലാക്കുക വഴി ക്ഷീര സംഘങ്ങളിൽ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് മിൽമയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2010-11-ൽ ക്ഷീര സംഘങ്ങൾ വഴി പ്രതിദിനം 11.24 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് 2014-15 വർഷത്തിൽ 15.26 ലക്ഷം ലിറ്ററായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

കാലിത്തീറ്റ വിലവർദ്ധന

55 (1526) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിത്തീറ്റ വിലവർദ്ധനമൂലം ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.